പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1270 — 11.06.2019-ൽ മറുപടിക്ക്

**കൊയിലാണ്ടി റെയിൽ ഓവർ ബ്രിഡ്ജ് ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) കൊയിലാണ്ടി നഗരത്തിലെ റെയിൽ ഓവർ ബ്രിഡ്ജിന് വേണ്ടി റവന്യൂ വകുപ്പ് ഏറ്റെടുത്ത് നൽകിയ മേൽപ്പാലത്തിന് ചുവട്ടിലുള്ള ഭൂമി, വില്ലേജ് രേഖകൾ പ്രകാരം ആർ.ബി.ഡി.സി.യുടെ കൈവശമാണെങ്കിലും യഥാർത്ഥത്തിൽ ഈ ഭൂമി ആർ.ബി.ഡി.സി.യുടെ കൈവശം തന്നെയാണോ ഉള്ളത്; അല്ലെങ്കിൽ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ; | (എ) പ്രസ്തുത സ്ഥലം കൊയിലാണ്ടി ആർ.ഒ.ബി പണിയുന്നതിനുവേണ്ടി സ്ഥലമെടുപ്പ് നടപടി ക്രമം പാലിച്ച് ജില്ലാ കളക്ടർ ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ-യ്ക്ക് നൽകിയിട്ടുള്ള ഭൂമിയാണ്. ആർ.ബി.ഡി.സി.കെ ഗവൺമെന്റും K.R.F മായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 15 വർഷം (19.03.2028) വരെ ഭൂമി ആർ.ബി.ഡി.സി.കെ-യുടെ കൈവശമാണ്. |
| (ബി) പ്രസ്തുത ഭൂമി നഗരസഭയ്ക്ക് വികസന പ്രവർത്തനങ്ങൾക്കായി വിട്ടുകിട്ടാൻ ഏത് വകുപ്പിനാണ് അപേക്ഷ നൽകേണ്ടത്; അതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) & (സി) & (ഡി) കേരള ഭൂമി പതിവു ചട്ടങ്ങൾ - 1964, ചട്ടം 11A(V) പ്രകാരം ഗവൺമെന്റുമായി സ്പെഷ്യൽ നിബന്ധനകളിൽ ഏർപ്പെട്ട ഭൂമി പതിച്ചു നൽകാൻ കഴിയില്ല. |
| (സി) ഭൂമി വിട്ടുകിട്ടുന്നതിനായുള്ള അപേക്ഷയുടെ കൂടെ ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാമാണ്; | |
| (ഡി) രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചാൽ എത്ര ദിവസം കൊണ്ട് ഭൂമി വിട്ടുകിട്ടാനുള്ള അനുമതി ഉത്തരവ് ലഭിക്കുമെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**